**സ്വാമി ശരണം**

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ഇ മെയിൽ- tdbestate@gmail.com, ഫോൺ : 0471- 233 77 90**

# അറിയിപ്പ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തൃക്കാരിയൂർ ഗ്രൂപ്പിലെ നേരിയമംഗലം ദേവസ്വത്തിലെ തേക്കുമരങ്ങളുടെ ലേലം 12.12.2018 ഉച്ചയ്ക്ക് 2 മണിക്ക് നടത്താൻ നിശ്ചയിച്ചിരുന്നത് ചില സാങ്കേതിക കാരണങ്ങളാൽ 14.12.2018 ലേക്ക് മാറ്റിയതായി അറിയിക്കുന്നു.

**Sd/-**
**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**എസ്റ്റേറ്റ് ഡിവിഷൻ**

## സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ഇ മെയിൽ- tdbestate@gmail.com, ഫോൺ : 0471- 233 77 90**

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്, തിരുവനന്തപുരം-1,

# ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തൃക്കാരിയൂർ ഗ്രൂപ്പിലെ നേരിയമംഗലം ദേവസ്വത്തിലെ 2 തേക്ക് മരം കേരള സോഷ്യൽ ഫോറസ്റ്ററിയിൽ നിന്നും വില നിശ്ചയിച്ച് വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, ആർ.ഒ.സി.നമ്പർ.10881/14/എം ഉത്തരവ് പ്രകാരവും ടി മരങ്ങൾ നേരിയമംഗലം ദേവസ്വത്തിൽവച്ച് 14/12/2018 ഉച്ചയ്ക്ക് **2** മണിക്ക് പരസ്യമായി ലേലം ചെയ്യുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ലേലസമയത്തിന് മുമ്പ് 8,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യത്തോട് കൂടി ക്വട്ടേഷനുകളും ലേലസമയത്തിനു മുമ്പ് ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ മരങ്ങൾ വെട്ടിയെടുത്ത് നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ലേലം പിടിക്കുന്നയാൾ/ക്വട്ടേഷൻ നൽകുന്നയാൾ വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18%(ജി.എസ്.റ്റി) നികുതിയും, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് ആയി ആകെ തുകയുടെ 5% നൽകി ദേവസ്വം ബോർഡിൽ നിന്നുതന്നെ രസീത് വാങ്ങേണ്ടതുമാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേലദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, തൃക്കാരിയൂർ അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ www.travancoredevaswomboard.org എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

**Sd/-**

**സി.റ്റി.പത്മകുമാർ**
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എസ്റ്റേറ്റ് ഡിവിഷൻ

തിരുവനന്തപുരം
29.11.2018